വികസന നിർവ്വഹണത്തിൽ സുപ്രധാന മേഖലയാണ് കെട്ടിട നിർമ്മാണം ഉൾപ്പെട്ട മരാമത്ത് കാര്യ പ്രവൃത്തികൾ. ഇതിൽ ഏറെ സൂക്ഷ്മതയും ശ്രദ്ധയും ഇടപെടലും ആവശ്യപ്പെടുന്ന രംഗമാണ് ചരിത്ര - സാംസ്കാരിക - പൈതൃക നിർമ്മിതികളുടെ അടക്കം പരിപാലനവും പരിഷ്കരണവും സംരക്ഷണവും സംബന്ധിച്ചത്. പരമ്പരാഗത-തദ്ദേശീയ നിർമ്മാണ ഉപാധികളും സാങ്കേതികത്വവും ഉപയോഗപ്പെടുത്തിയും തനത് സൗന്ദര്യവും കാഴ്ചയും നിലനില്പും ഉറപ്പാക്കിയും ഇത്തരം നിർമ്മിതികളെ പരിപാലിക്കുക എന്നത് വലിയ ഉത്തരവാദിത്വമാണ്. നൂതന സാങ്കേതിക വിദ്യയും നിർമ്മാണ സാമഗ്രികളും പലപ്പോഴും മേൽപറഞ്ഞ നിർമ്മിതികൾക്ക് അനുയോജ്യമാകണമെന്നില്ല. അതുകൊണ്ടു തന്നെ തനതായും പരമ്പരാഗതവുമായ മാർഗത്തിലുള്ള മരാമത്ത് നിർവ്വഹണം ഇന്ന് സവിശേഷ പ്രാധാന്യം അർഹിക്കുന്നു.

നിർമ്മാണ തൊഴിലിൽ വൈദഗ്ദ്ധ്യവും നൈപുണ്യവും ശേഷിയുമുള്ള തൊഴിലാളികളുടെ ലഭ്യതയും അവരുടെ വരുമാനവും തൊഴിലവസരവും ഉറപ്പാക്കലും മുഖ്യമായ മറ്റൊരു ഘടകമാണ്. ഏറെ സാങ്കേതിക ജ്ഞാനവും മികവും ആവശ്യപ്പെടുന്ന പൈതൃക മേസ്തിരി (ഹെറിറ്റെജ് മേസ്തിരി) യെന്നത് തൊഴിൽ സാധ്യതയും വരുമാനവും ഉറപ്പുവരുത്തുവാൻ സഹായകമാണ്. ഈ സാധ്യത കണക്കിലെടുത്താണ് നാഷണൽ കൗൺസിൽ ഓൺ വൊക്കേഷണൽ ട്രയിനിംഗ് അംഗീകാരത്തോടെ ജൂനിയർ ഹെറിറ്റെജ് മിസ്ട്രി എന്ന ഹ്രസ്വകാല തൊഴിൽ പരിശീലന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. നാഷണൽ അർബൻ ലൈവ്ലിഹുഡ് മിഷൻ ഈ തൊഴിൽ പരിശീലന പദ്ധതിയ്ക്ക് ഔപചാരിക അംഗീകരണം നൽകുകയും പിൻതുണ വാഗ്ദാനം ചെയ്യുകയും ഉണ്ടായിട്ടുണ്ട്.

**പുരാതനമായ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും, പുനരുദ്ധാരണവും, പുനർനിർമ്മാണവുമാണ് ഈ പാഠ്യപദ്ധതുയിലൂടെ ലക്ഷ്യമിടുന്നത്. കോഴ്സിന്റെ കാലാവധി രണ്ടു മാസമാണ്. പരിശീലനസ്ഥാപനത്തിൽ താമസിച്ചുള്ള പരിശീലനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. 18 വയസ്സിനും 40 വയസ്സിനും ഇടയിലുള്ളവർക്കാണ് കോഴ്സ് നടത്തപ്പെടുന്നത്. പരിശീലനം പൂർത്തീകരിച്ച ഉദ്യോഗാർഥികൾക്ക് താഴെ പറയുന്ന സ്ഥാപനങ്ങളിൽ തൊഴിൽ സാധ്യത ഉറപ്പാക്കിയിട്ടുണ്ട്.**

**Contact: 9447961677 / 8078757907**

**State Archeology Department**

**Muziris Hertiage Project**

**Indian Heritage Hotels Association (IHHA)**

**COSTFORD**

**HABITAT**